**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **30-09-2025 - ൽ മറുപടിയ്ക്ക്**

**വനിത-ശിശുവികസന വകുപ്പിന് അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിത-ശിശുവികസന വകുപ്പിന് അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2023 സെപ്റ്റംബർ മാസം 23,24 തീയതികളിൽ സുപ്രീം കോടതിയുടെ നേതൃത്വത്തിൽ നടന്ന National Stakeholders Consultation on Children in Conflict With Law: Prevention, Restorative Justice and Diversion and Alternatives in Detention എന്ന പരിപാടിയിൽ, 2015 ലെ ബാലനീതി നിയമം പ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന കാവൽ പദ്ധതി അവതരിപ്പിക്കുകയും ബഹു. സുപ്രീം കോടതി പദ്ധതിയുടെ പ്രവർത്തനങ്ങളെയും കൈവരിച്ച നേട്ടങ്ങളെയും പ്രത്യേകം അഭിനന്ദിക്കുകയും മറ്റ സംസ്ഥാനങ്ങളോട് ടി പദ്ധതിയുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കുവാൻ അഭിപ്രായപ്പെടുകയും ചെയ്തു.<br><br>ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം വനിതാ വികസന കോർപ്പറേഷന് 2023-24, 2024-25 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, വനിതാ ശിശു വികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന മികച്ച പദ്ധതികളെ സംബന്ധിച്ച് 2024-ൽ UNICEF-ന്റെ സഹകരണത്തോടെ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ പ്രസ്തുത വകുപ്പിന് ദേശീയതലത്തിൽ ശ്രദ്ധേയമായ എന്തെല്ലാം പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണെന്നും പ്രത്യേകം അറിയിക്കാമോ; | (ബി) | 2023 സെപ്റ്റംബർ മാസം 23,24 തീയതികളിൽ സുപ്രീം കോടതിയുടെ നേതൃത്വത്തിൽ നടന്ന National Stakeholders Consultation on Children in Conflict With Law: Prevention, Restorative Justice and Diversion and Alternatives in Detention എന്ന പരിപാടിയിൽ, 2015 ലെ |

| | | | |
|---|---|---|---|
| | | | ബാലനീതി നിയമം പ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന കാവൽ പദ്ധതി അവതരിപ്പിക്കുകയും ബഹു. സുപ്രീം കോടതി പദ്ധതിയുടെ പ്രവർത്തനങ്ങളെയും കൈവരിച്ച നേട്ടങ്ങളെയും പ്രത്യേകം അഭിനന്ദിക്കുകയും മറ്റു സംസ്ഥാനങ്ങളോട് ടി പദ്ധതിയുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കുവാൻ അഭിപ്രായപ്പെടുകയും ചെയ്തു.<br><br>ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം വനിതാ വികസന കോർപ്പറേഷന് 2023-24, 2024-25 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, വനിതാ ശിശു വികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന മികച്ച പദ്ധതികളെ സംബന്ധിച്ച് 2024-ൽ UNICEF-ന്റെ സഹകരണത്തോടെ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | വനിതാ വികസന കോർപ്പറേഷന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (സി) | 2023-24, 2024-25 എന്നീ വർഷങ്ങളിൽ ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിത വികസന കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ലഭ്യമാക്കാമോ? | (ഡി) | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിത വികസന കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.**

1) 2021-22, 2022-23, 2023-24, 2024-25 (നാളിതു വരെ) സാമ്പത്തിക വർഷങ്ങളിലായി 88531 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി (969.87 കോടി രൂപ) വായ്പ നൽകി. ഇവയിലൂടെ ആകെ 139844 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

2) 11 ജില്ലകളിൽ കൂടി ജില്ലാ ഓഫീസ് തുറന്നു കൊണ്ട് എല്ലാ ജില്ലകളിലും വനിതാ വികസന കോർപ്പറേഷന്റെ സാന്നിദ്ധ്യവും സേവനവും ഉറപ്പാക്കി.

3) മിത്ര 181 പദ്ധതി പ്രകാരം 2.8 ലക്ഷം കേസുകൾ ഫല പ്രാപ്തിയിൽ എത്തിച്ചു. കഴിഞ്ഞ 8 വർഷമായി വിജയകരമായി ഈ സേവനം തുടരുന്നു.

4) സംസ്ഥാനത്ത് 11 വനിതാ മിത്ര കേന്ദ്രങ്ങളിലായി (വർക്കിംഗ് വിമൻസ് ഹോസ്റ്റൽ) 1500 ൽ അധികം സ്ത്രീകൾക്ക് താമസ സൗകര്യം ലഭ്യമാക്കി.

5) സ്ത്രീകൾക്ക് സുരക്ഷിതമായ ഹ്രസ്വകാല താമസം ഉറപ്പാക്കുന്നതിനുള്ള സേഫ് സ്റ്റേ പദ്ധതി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് പല നഗരങ്ങളിൽ 60 വനിതാ ഹോസ്റ്റലുകളിലായി 210 അതിഥി കിടക്കകൾ ക്രമീകരിച്ചിട്ടുണ്ട്. റൂം റിസർവേഷനും പൈസയടയ്ക്കലും എളുപ്പമാക്കാൻ സേഫ് സ്റ്റേ (മൊബൈൽ) ആപ്പ് വികസിപ്പിച്ച് നടപ്പിലാക്കി.

6) KSWDC REACH ഫിനിഷിംഗ് സ്കൂളുകളിൽ നടപ്പാക്കി വരുന്ന വിവിധ തൊഴിൽ പരിശീലന / നൈപുണ്യ വികസന പരിപാടികളിലൂടെ 6708 വനിതകൾക്ക് (122981 പരിശീലന ദിനങ്ങൾ) പരിശീലനം നൽകി.

7) സർക്കാർ/പ്രൈവറ്റ് നഴ്സിംഗ് കോളേജുകളിലെ അവസാന വർഷ നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് വേണ്ടി ഇംഗ്ലീഷ് ഭാഷാ പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 545 വിദ്യാർത്ഥിനികൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്.

8) 304 നഴ്സിംഗ് പ്രൊഫഷണലുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ വികസന പരിശീലനം നൽകി, വിദേശ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ നേടുന്നതിനായുള്ള വഴിയൊരുക്കി.

9) സംസ്ഥാനത്തെ 100 കോളേജുകളിൽ നടപ്പിലാക്കുന്ന വനിതാ സെൽ പ്രവർത്തനങ്ങളിൽ 100000 വിദ്യാർത്ഥിനികൾ ഏർപ്പെട്ടു വരുന്നു.

10) സംസ്ഥാനത്തെ, 18 നും 55 നും മദ്ധ്യേ പ്രായമുള്ള 1578 വനിതകൾക്ക് സംരംഭകത്വ വികസന പരിശീലനം നൽകി.

11) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് ലിംഗാവബോധ പരിശീലനം നൽകുന്നതിനുള്ള ബോധ്യം പദ്ധതിയിലൂടെ 11433 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം പൂർത്തിയാക്കി.

12) പട്ടികവർഗ്ഗ വനിതകളുടെ വികസനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനുമായി 2017-18 ൽ ചക്കിട്ടപ്പാറയിൽ ആരംഭിച്ച വനമിത്ര പദ്ധതിയുടെ ഭാഗമായി 18 നും 55 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി. നാളിതുവരെ 7418 പരിശീലന ദിവസങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നൽകിയ തയ്യൽ പരിശീലനം

വിജയകരമായി പൂർത്തീകരിച്ച 18 പട്ടികവർഗ്ഗ വനിതകൾ ചേർന്ന് കോർപ്പറേഷന്റെ വായ്പാ സഹായത്തോടെ തയ്യൽ തൊഴിൽ കേന്ദ്രം ആരംഭിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായമായ 235 ലക്ഷം രൂപ പ്രയോജനപ്പെടുത്തി 50 വനിതകൾക്ക് 100 പശുക്കളെ നൽകുന്ന പദ്ധതി പൂർത്തീകരിച്ചു. പാൽ മിൽമ മുഖേന ശേഖരിച്ച് വിതരണത്തിനും ഏർപ്പെടുത്തിയിട്ടുണ്ട്. 40 വനിതകളെ തേനീച്ച കൃഷി പഠിപ്പിച്ചു. കൃഷി തുടങ്ങുന്നതിനാവശ്യമായ തേനീച്ചക്കൂട് വിതരണം ചെയ്തു. ഉത്പന്നത്തിന്റെ വിതരണവും വിൽപനയും ഹോർട്ടികോർപ്പ് മുഖേന നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുണ്ട്.

13) ആർത്തവ ശുചിത്വ പരിപാലന പദ്ധതിയുടെ പ്രയോജനം 10 ലക്ഷം വിദ്യാർത്ഥിനികളിലേക്ക് എത്തിച്ചു.

14) കോർപ്പറേഷൻ 2023 ആഗസ്റ്റ് മാസം 20 മുതൽ 26 വരെ കോഴിക്കോട് ജില്ലയിൽ എസ്കലേറ എക്സ്പോ 2023 എന്ന പേരിലും 2025 ഫെബ്രുവരി മുതൽ മാർച്ച് 3 വരെ തിരുവനന്തപുരം ആർ.ഡി.ആർ കൺവെൻഷൻ സെന്ററിൽ വച്ച് വനിതാ സംരംഭകർക്കായി ഒരു പ്രദർശന വിപണന മേള സംഘടിപ്പിച്ചു. ഓണത്തോടനുബന്ധിച്ച് നടത്തിയ ഈ വനിതാ സംരംഭക വിപണന മേളയിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നും കർണാടക, തമിഴ്നാട്, രാജസ്ഥാൻ തുടങ്ങി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെ 150 ൽ അധികം വനിതാ സംരംഭകർ പങ്കെടുത്തു.

15) ഫ്യൂച്ചർ വിമൻ ഗ്രൂമിംഗ് പ്രോഗ്രാം - സ്ത്രീകളെയും പെൺകുട്ടികളെയും സാമൂഹിക വികസനത്തിൽ സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോട് ചേർന്ന് നിന്ന് കൊണ്ട് സംസ്ഥാനത്തെ കലാലയങ്ങളിൽ നിന്നുള്ള 27 അവസാന വർഷ ബിരുദ വിദ്യാർത്ഥിനികൾക്കായി പ്രതിഭ 2024-ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം എന്ന പേരിൽ ഒരു ദശദിന നേതൃത്വ വികസന ക്യാമ്പ് 2024 ഡിസംബർ മാസം സംഘടിപ്പിച്ചു.

16) വനിതാ പോളിടെക്നിക്ക് കോളേജുകളിലെ 37 അവസാന വർഷ വിദ്യാർത്ഥിനികൾക്കുള്ള ഫിനിഷിംഗ് പരിശീലനം (LEAD) കോർപ്പറേഷന്റെ റീച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന ലഭ്യമാക്കി.

**സെക്ഷൻ ഓഫീസർ**